ഒരു ആമുഖ ചർച്ച നടത്തി. ആരോഗ്യപരിപാലന രംഗത്ത് വിവരസാങ്കേതികവിദ്യ കൊണ്ടുവന്ന ഗുണപരമായ മാറ്റങ്ങൾ ചർച്ച ചെയ്യപ്പെട്ടു.

8. Business Process re-engineering: നിലവിലുള്ള സർക്കാർ സംവിധാനം, ഇ-ഗവേണൻസ് നടപ്പിലാക്കുമ്പോൾ ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിധത്തിൽ ലഘൂകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ചർച്ച നടത്തി.

9. Human capital e-Governance: ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കാൻവേണ്ടി ആവശ്യമായ സാങ്കേതിക വിദഗ്ധരെ വാർത്തെടുക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങളെ എങ്ങനെ ഈ പ്രക്രിയയിൽ ഉപയോഗപ്പെടുത്താം എന്നതും ചർച്ച ചെയ്യുകയുണ്ടായി.

(സി&ഡി) സംസ്ഥാനത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് (1.അക്ഷയ, 2.ഇ-ഡിസ്ട്രിക്ട്, 3. ഇ-പ്രൊക്യൂർമെന്റ്, 4.ഇ-ഓഫീസ്, 5. ക്ലൗഡ്-കമ്പ്യൂട്ടിംഗ്, 6.മൊബൈൽ ഗവേണൻസ്, 7.ഹൈസ്പീഡ് നെറ്റ് വർക്ക്, 8. ഇ-ഹെൽത്ത്) സമ്മേളനത്തിൽ കേരള സർക്കാരിന്റെ പ്രതിനിധികൾ പ്രസ്തുത സമ്മേളനത്തിൽ അവതരിപ്പിക്കുകയുണ്ടായി. കോൺഫറൻസിലൂടെ ഉരുത്തിരിഞ്ഞുവന്ന വിവിധ ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിവരാവകാശ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് സംവിധാനം

207 (6658) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് ഐ.ടി വകുപ്പ് നടപടി സ്വീകരിക്കുമോ ;

(ബി) ഇതിന് വേണ്ടി പ്രത്യേക പോർട്ടൽ സജ്ജമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇത് എന്നത്തേക്ക് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ കീഴിൽ വിവരാവകാശ സേവനം ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള പോർട്ടൽ ഒക്ടോബർ 2013 മുതൽ സജ്ജമാക്കിയിട്ടുണ്ട്. പൈലറ്റ് അടിസ്ഥാനത്തിൽ ഏതാനും ചില ഓഫീസുകളിൽ ഈ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കേരളത്തിലെ അടിസ്ഥാന സൗകര്യങ്ങൾ അതായത് കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഡിജിറ്റൽ ഒപ്പ് എന്നിവ ലഭ്യമായിട്ടുള്ള ഏതൊരു സർക്കാർ ഓഫീസിലും ഈ സേവനം ലഭ്യമാക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly